LIBRARY ARCHIVES Kerala Legislative Assembly

നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം രണ്ട് അക്ഷയ കേന്ദ്രങ്ങൾ തമ്മിലുണ്ടായിരിക്കേണ്ട ഏറ്റവും കുറഞ്ഞ ദൂരപരിധി ഗ്രാമ പഞ്ചായത്തുകളിൽ 2 കിലോമീറ്ററും മുനിസിപ്പാലിറ്റികളിൽ 1.5 കിലോമീറ്ററും കോർപ്പറേഷനുകളിൽ 1 കിലോമീറ്ററുമാണ്. ഒരു പ്രദേശത്ത് അക്ഷയ കേന്ദ്രം അനുവദിക്കുന്നതിന്റെ ആവശ്യകത കണക്കാക്കി നിലവിലുള്ള കേന്ദ്രങ്ങളുമായി നിശ്ചിത ദൂരപരിധി പാലിക്കുകയും ജില്ലാ ഇ-ഗവേണൻസ് സൊസൈറ്റിയുടെ അംഗീകാരം ലഭിക്കുകയും ചെയ്യുന്ന ലൊക്കേഷനുകളിൽ പുതിയ അക്ഷയ കേന്ദ്രം അനുവദിക്കുന്നതിന് അക്ഷയ ഡയറക്ടർ സമർപ്പിക്കുന്ന ശിപാർശ പരിശോധിച്ച് സർക്കാരാണ് അക്ഷയ കേന്ദ്രങ്ങൾക്കുള്ള ലൊക്കേഷനുകൾ അനുവദിക്കുന്നത്. പുതിയ അക്ഷയ കേന്ദ്രത്തിനുള്ള ലൊക്കേഷൻ അനുവദിച്ചുകഴിഞ്ഞാൽ സംരംഭക തെരഞ്ഞെടുപ്പിന് അക്ഷയ ഡയറക്ടർ അപേക്ഷ ക്ഷണിക്കുകയും ഓൺലൈൻ പരീക്ഷ, അഭിമുഖം, എന്നിവ ഉൾപ്പെടെയുള്ള നടപടിക്രമങ്ങളുടെ അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കി അതിൽ നിന്നും സംരംഭകരെ തെരഞ്ഞെടുക്കുകയുമാണ് ചെയ്യുന്നത്.

നോർക്കയുടെ പുനരധിവാസ പദ്ധതി

69 (3096) ശ്രീ. എം. എം. മണി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസജീവിതം അവസാനിപ്പിച്ച് വരുന്നവർക്ക് നോർക്ക മുഖേന നടപ്പിലാക്കി വരുന്ന പുനരധിവാസ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; വിശദാംശം നൽകാമോ?

പ്രവാസജീവിതം അവസാനിപ്പിച്ച് മടങ്ങിവരുന്നവർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് സഹായകമായിട്ടുള്ള വായ്പാ പദ്ധതിയാണ് നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM). പ്രസ്തുത പദ്ധതിയിൻകീഴിൽ കൃഷി, മത്സ്യബന്ധനം, മൃഗപരിപാലനം, വാണിജ്യം, ചെറുകിടവ്യവസായം, സർവ്വീസ് മേഖല, നിർമ്മാണ മേഖല, ബിസിനസ്സ് എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു. ഇതിനായി ബാങ്കുകൾ മുഖേന പ്രവാസികളുടെ പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ പുതിയ സംരംഭങ്ങൾ തുടങ്ങാനായി വായ്പകൾ നൽകി വരുന്നുണ്ട്. 30 ലക്ഷം രൂപവരെയുള്ള ബാങ്ക് വായ്പകൾക്ക് 15% മൂലധന സബ്സിഡിയും 4 വർഷത്തേയ്ക്ക് 3% പലിശ സബ്സിഡിയുമാണ് പദ്ധതി മുഖേന ലഭിക്കുക. സംരംഭക പ്രവാസികൾക്ക് ആവശ്യമായ അടിസ്ഥാന പരിശീലനവും പദ്ധതിരേഖകൾ തയ്യാറാക്കാനും വായ്പ ലഭ്യത ഉറപ്പാക്കാനുമുള്ള സഹായം സർക്കാർ സ്ഥാപനമായ സി.എം.ഡി. വഴി ലഭ്യമാക്കുന്നുണ്ട്. പദ്ധതിയുടെ ഭാഗമായി മേഖലാടിസ്ഥാനത്തിൽ പരിശീലനം, ബോധവത്കരണം, സെമിനാറുകൾ, ബാങ്കിലേയ്ക്കാവശ്യമായ പ്രോജക്ട് റിപ്പോർട്ട് എന്നിവ നോർക്ക-റൂട്ട്സ്, കേരള

LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ സ്ഥാപനമായ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് എന്നീ സ്ഥാപനങ്ങൾ മുഖാന്തരം എല്ലാ ജില്ലകളിലും എല്ലാ മാസവും നൽകി വരുന്നുണ്ട്. പ്രസ്തുത പദ്ധതി വിപുലീകരിക്കുന്നതിന്റെ ഭാഗമായി നിലവിൽ 16 ധനകാര്യ സ്ഥാപനങ്ങളുമായി ധാരണാപത്രം ഒപ്പുവച്ച് വായ്പാലഭ്യത വിപുലപ്പെടുത്തിയിട്ടുണ്ട്.

(ബി) നോർക്കയുടെ പുനരധിവാസ പദ്ധതിപ്രകാരം ഏതൊക്കെ ധനകാര്യസ്ഥാപനങ്ങളിൽ നിന്നാണ് വായ്പ ലഭ്യമാകുന്നത്; വായ്പ പലിശ നിരക്ക് എത്രയാണ്?

നിലവിൽ 16 ധനകാര്യ സ്ഥാപനങ്ങൾ മുഖാന്തരം വായ്പ നൽകി വരുന്നുണ്ട്. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, ബാങ്ക് ഓഫ് ബറോഡ, സൗത്ത് ഇന്ത്യൻ ബാങ്ക്, കാനറ/സിൻഡിക്കേറ്റ് ബാങ്ക്, ഫെഡറൽ ബാങ്ക്, കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്, കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന പ്രവാസി ക്ഷേമവികസന സഹകരണ സംഘം (മലപ്പുറം), ഇന്ത്യൻ ഓവർസീസ് ബാങ്ക്, കേരള ബാങ്ക്, കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ, ബാങ്ക് ഓഫ് ഇന്ത്യ, യൂക്കോ ബാങ്ക്, ടാവൻകൂർ പ്രവാസി ഡെവലപ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്നിവയാണ് ധനകാര്യസ്ഥാപനങ്ങൾ. ധനകാര്യസ്ഥാപനത്തിന്റെ നിബന്ധനകൾക്ക് അനുസൃതമായിട്ടാണ് പലിശനിരക്ക്, തിരിച്ചടവ് എന്നിവ നിശ്ചയിച്ചിരിക്കുന്നത്.

(സി) പ്രവാസജീവിതം അവസാനിപ്പിച്ച് മടങ്ങിവന്നവർക്ക് വായ്പ ഉറപ്പു വരുത്തുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

നിലവിൽ പ്രവാസി ഗുണഭോക്താവ് സമർപ്പിക്കുന്ന അപേക്ഷ ധനകാര്യസ്ഥാപനത്തിലേയ്ക്ക് ശിപാർശ ചെയ്ത് അയയ്ക്കുകയും ആയത് പരിശോധിച്ച് ധനകാര്യസ്ഥാപനങ്ങൾ മാനദണ്ഡങ്ങൾക്കും നിബന്ധനകൾക്കും അനുസൃതമായി വായ്പ അനുവദിക്കുകയുമാണ് ചെയ്യുന്നത്. പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ, പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങൾ നിശ്ചയിക്കപ്പെട്ടിട്ടുള്ള വിഭാഗങ്ങളിലെ ഗുണഭോക്താക്കൾക്കാണ് വായ്പ അനുവദിക്കുന്നത്. കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ വ്യവസായിക ലോണുകൾക്ക് പ്രാധാന്യം നൽകിയാണ് വായ്പകൾ അനുവദിക്കുന്നത്.

ജോലി നഷ്ടപ്പെട്ട പ്രവാസികൾക്ക് നോർക്ക വഴി ലഭിക്കുന്ന സഹായങ്ങൾ

70 (3097) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡ് മഹാമാരി കാരണം ജോലി നഷ്ടപ്പെട്ട പ്രവാസികൾക്ക് നോർക്ക വഴി ലഭിക്കുന്ന സഹായങ്ങൾ ഏതൊക്കെയെന്ന് ഇനം തിരിച്ച് അറിയിക്കാമോ?